# സാഹിത്യമഞ്ജരി

കേരളീയ ജനഹൃദയങ്ങളിൽ വള്ളത്തോളിന് സ്ഥിരപ്രതിഷ്ഠ നേടിക്കൊടുത്ത കവിതകൾ. കാലത്തിന്റെ നിശ്വാസങ്ങൾ, നിയോഗങ്ങൾ, പ്രശ്നങ്ങൾ, പ്രത്യാശകൾ – എല്ലാം ഈ കവിതകളിൽ ഉൾപ്പൊരുത്തത്തോടെയിരിക്കുന്നു. വള്ളത്തോൾകവിത കാലത്തോടു സാധിച്ച സമന്വയത്തിനും അതുവഴി സാക്ഷാത്കരിച്ച സൗന്ദര്യസാഫല്യത്തിനും സാക്ഷ്യം വഹിക്കുന്നവയാണ് ഈ സമാഹാരത്തിലെ ഓരോ കവിതയും.

സമാഹരണകലയ്ക്ക് മലയാളം കണ്ട ഉത്കൃഷ്ടമാതൃകകളിൽ ഒന്നാണ് സാഹിത്യമഞ്ജരി. കാലചേതനയിലൂടെ വേപഥുവാർന്ന് വ്യാപരിക്കുന്ന കവിഹൃദയം, ഇത്രയും സ്വച്ഛന്ദതയോടെ ശില്പങ്ങൾ ചമയ്ക്കുന്നതിന് ഇതുപോലെ ഉത്തമോദാഹരണങ്ങൾ ഉണ്ടായിട്ടില്ല. മലയാള സാംസ്കാരികസ്വത്വത്തിൽ മുദ്രണം ചെയ്യപ്പെട്ട വള്ളത്തോളിന്റെ സാഹിത്യമഞ്ജരിയുടെ പതിനൊന്നു ഭാഗങ്ങളും ഇതിൽ ഒരുമിച്ചു ചേർത്തിരിക്കുന്നു.

ഡി സി ബുക്സ്

കവിത

ISBN 81-264-0681-X

9 788126 406814 00006

₹ 295.00



സാഹിത്യമഞ്ജരി

വള്ളത്തോൾ

780 8M1 VAL/S

780

dcb

# സാഹിത്യമഞ്ജരി

## വള്ളത്തോൾ

dcb

1917-ലാണ് വള്ളത്തോളിന്റെ കവനകലാവൈജയന്തികളെന്നു പറയാവുന്ന 'സാഹിത്യമഞ്ജരി'കളുടെ ഒന്നാംഭാഗം പ്രസിദ്ധീകരിച്ചത്. തുടർന്നൊരു വ്യാഴവട്ടത്തിനിടയിൽ പുറത്തുവന്ന 'സാഹിത്യമഞ്ജരി'യുടെ ഏഴു ഭാഗങ്ങളിലായി വള്ളത്തോൾകവിതയിലെ ഏറ്റവും തിടമുള്ള മണിക്കതിരുകളാണ് സഞ്ചയിച്ചിരിക്കുന്നത്. 1929-നുശേഷം സാഹിത്യമഞ്ജരിയുടെ നാലു ഭാഗങ്ങൾകൂടി പുറത്തുവന്നു (ആകെ 11 ഭാഗങ്ങൾ). അവയിൽ പ്രായേണ ലോഞ്ജിനസ് പരാമർശിക്കുംവിധമുള്ള പ്രതിഭയുടെ ചാഞ്ഞിറങ്ങുന്ന സൂര്യനെയാണ് കാണാൻ കഴിയുന്നത്. അവിടെയും ചക്രവാളങ്ങൾ കടന്നു മനുഷ്യരാശിയുടെ നേർക്ക് നീളുന്ന കവിമനസ്സിന്റെ ഉത്കണ്ഠകൾ കെടാതെ കത്തുന്നു. ജർമ്മനിയെ ഭാഗിച്ചതിനെപ്പറ്റിയും ('കന്നാലികളല്ല') സാമ്രാജ്യക്കോയ്മകൾ സൂയസ്സിനെ ആക്രമിച്ചതിനെപ്പറ്റിയും ('പിന്മാറുവിൻ') പശ്ചിമ ആഫ്രിക്കയിലാദ്യമായി സ്വാതന്ത്ര്യം നേടിയ ഘാനയെപ്പറ്റിയും ('വെളിച്ചം') ഫ്രാൻസിന്റെ കാൽക്കീഴിലമർന്ന അൾജീരിയയുടെ സ്വാതന്ത്ര്യദാഹത്തെപ്പറ്റിയും ('വെളുപ്പും കറുപ്പും') അണുശക്തിയുടെ ദുർവിനിയോഗത്തെപ്പറ്റിയും ('ഏകലോകം') മറ്റുമുള്ള എത്രയോ കവിതകൾ ഒരു വിശ്വപൗരന്റെ വിഹ്വലതകൾ വ്യക്തമാക്കുന്നു. എന്നാൽ സ്വാഭാവികമായുണ്ടാകേണ്ട വികാരതീവ്രതയെക്കാൾ വിചാരബന്ധുരതയും പ്രഭാഷണപരതയുമാണ് ഈ കവിതകളിൽ കവിഞ്ഞുനില്ക്കുന്നതെന്ന വിമർശനവും ഉണ്ടായിട്ടുണ്ട്.

–ഒ. എൻ. വി. കുറുപ്പ്

rary TVK

8M1 VAL/S

CASMTVK

780

780

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No.......780.......... Call No..........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

**മഹാകവി വള്ളത്തോളിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ**

ശരണമയ്യപ്പാ
സാഹിത്യമഞ്ജരി (സമ്പൂർണ്ണം)
അച്ഛനും മകളും
വള്ളത്തോൾ കവിതകൾ
മഗ്ദലനമറിയം

വള്ളത്തോൾ നാരായണമേനോൻ

# സാഹിത്യമഞ്ജരി

(സമ്പൂർണ്ണം)

ആമുഖം
ഒ.എൻ.വി. കുറുപ്പ്
സംശോധനം, പഠനം
പ്രൊഫ. കെ.പി. ശങ്കരൻ

ഡി സി ബുക്സ്

# ഉള്ളടക്കം


| | |
|---|---|
| സാഹിത്യമഞ്ജരി—ഒന്നാം ഭാഗം | 1-74 |
| സാഹിത്യമഞ്ജരി—രണ്ടാം ഭാഗം | 75-130 |
| സാഹിത്യമഞ്ജരി—മൂന്നാം ഭാഗം | 131-184 |
| സാഹിത്യമഞ്ജരി—നാലാം ഭാഗം | 185-236 |
| സാഹിത്യമഞ്ജരി—അഞ്ചാം ഭാഗം | 237-288 |
| സാഹിത്യമഞ്ജരി—ആറാം ഭാഗം | 289-338 |
| സാഹിത്യമഞ്ജരി—ഏഴാം ഭാഗം | 339-390 |
| സാഹിത്യമഞ്ജരി—എട്ടാം ഭാഗം | 391-427 |
| സാഹിത്യമഞ്ജരി—ഒമ്പതാം ഭാഗം | 429-468 |
| സാഹിത്യമഞ്ജരി—പത്താം ഭാഗം | 469-520 |
| സാഹിത്യമഞ്ജരി—പതിനൊന്നാം ഭാഗം | 521-571 |
| സൂചിക | 573 |
| *1. കവിതകളുടെ പേര് (അകാരാദിക്രമത്തിൽ)* | |
| *2. ആദ്യപാദസൂചിക* | |

# കവിതകൾ


| | എഴുതിയ കാലം | |
|---|---|---|
| മാതൃവന്ദനം | 1093 മേടം | (1918) |
| ഉൾനാട്ടിലെ മഞ്ഞുകാലം | 1088 ഇടവം | (1913) |
| ഒരു ചിത്രം | 1091 മീനം | (1916) |
| ഒരരിപ്പിറാവ് | 1090 വൃശ്ചികം | (1914) |
| ഒരു നായർസ്ത്രീയും മുഹമ്മദീയനും | 1091 വൃശ്ചികം | (1915) |
| സന്താനസൗഖ്യം | 1089 തുലാം | (1913) |
| മാതൃഭൂമിയോട് | 1092 ഇടവം | (1917) |
| ഒരു ദിനാന്തസഞ്ചാരം | 1089 ധനു | (1913) |
| ഒരു യുവാവിന്റെ ആത്മസംയമം | 1092 വൃശ്ചികം | (1916) |
| ഒരു കീറത്തലയണ | 1092 കന്നി | (1916) |
| ഭാരതപ്പുഴ | 1091 കുംഭം | (1916) |
| ഒരു വീരപത്നി | 1092 മേടം | (1917) |
| ദാദാബായി നവറോജി | 1092 മിഥുനം | (1917) |
| ഒരു ഭാവന | 1092 ചിങ്ങം | (1916) |


## മാതൃവന്ദനം
(കേക)

വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ വരേണ്യയെ, വന്ദിപ്പിൻ വരദയെ! 1

എത്രയും തപശ്ശക്തിപൂണ്ട ജാമദഗ്ന്യന്നു,
സത്രാജിത്തിനു പണ്ടു സഹസ്രകരൻപോലേ,

പശ്ചിമരത്നാകരം പ്രീതിയാൽദ്ദാനം ചെയ്ത
വിശ്വൈകമഹാരത്നമല്ലി നമ്മുടെ രാജ്യം?

വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ സമുദ്രാത്മഭൂവാമീ ശ്രീദേവിയെ! 2

പച്ചയാം വിരിപ്പിട്ട സഹ്യനിൽത്തലവെച്ചും,
സ്വച്ഛാബ്ധിമണൽത്തിട്ടാം പാദോപധാനം പൂണ്ടും

പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെക്കാത്തു–
കൊള്ളുന്നൂ, കുമാരിയും ഗോകർണ്ണേശനുമമ്മേ!

മാതൃവന്ദനം = മാതാവിന്റെ വന്ദനം; മാതാവിനെ വന്ദിക്കൽ.

1. വന്ദിപ്പിൻ = വന്ദിക്കുവിൻ! (കർത്താവ് — നിങ്ങൾ; വായനക്കാരും ശ്രോതാക്കളും.) മാതാവ് = കേരളം എന്ന നമ്മുടെ മാതൃഭൂമിയത്രേ, ഇവിടെ മാതാവ്. വരേണ്യ = ശ്രേഷ്ഠ. വരദ = വരങ്ങളെ (അഭീഷ്ടങ്ങളെ) ദാനം ചെയ്യുന്നവൾ. (ഈരടികൾ, മിക്കവാറും ഒരു പല്ലവിയുടെ സ്ഥാനം വഹിക്കുന്നു; വിശേഷണങ്ങൾ മാറിമാറിവരികയും ചെയ്യും).

2. ജാമദഗ്ന്യൻ = ജമദഗ്നിയുടെ പുത്രൻ, പരശുരാമൻ. സഹസ്രകരൻ = ആയിരം കരങ്ങൾ (രശ്മികൾ) ഉള്ളവൻ, സൂര്യൻ. സത്രാജിത്ത് എന്ന യാദവൻ പണ്ട് സൂര്യനെ പ്രസാദിപ്പിച്ചു സ്യമന്തകം സമ്പാദിച്ചു.

എട്ടെട്ടു ഭാരം കനകത്തെ നിത്യം
മുട്ടാതെ നല്കുന്നൊരു രത്നമേതൽ!

പശ്ചിമരത്നാകരം = പടിഞ്ഞാറേ കടൽ, അറബിക്കടൽ; (രത്നങ്ങളുടെ, വിശിഷ്ടവസ്തുക്കളുടെ, ആകരം = വിളനിലം — രത്നാകരം = സമുദ്രം). വിശ്വൈകമഹാരത്നം = ലോകത്തിൽവെച്ചു മുഖ്യവും മഹത്തുമായ രത്നം. (പരശുരാമൻ കടലിൽനിന്ന് വീണ്ടെടുത്തതാണ് കേരളം — ഭാരതത്തിലെ പരശ്ശതം ഭൂഖണ്ഡത്തിൽവെച്ചു രത്നമായത് — എന്നാണല്ലോ ഐതിഹ്യം) സമുദ്രാത്മഭൂവ് = സമുദ്രത്തിന്റെ ആത്മഭൂവ് (പുത്രി). ശ്രീദേവി = സമൃദ്ധികളുടെ ദേവത. (സാക്ഷാൽ ശ്രീഭഗവതിയും സമുദ്രാത്മഭൂവാണല്ലോ; അമൃതമഥനസമയത്ത് പാലാഴിയിൽനിന്നു പൊന്തിവന്നവളാകയാൽ).

3. പച്ചയാം വിരിപ്പിട്ട സഹ്യൻ - പശ്ചിമഘട്ടപർവ്വതനിരയുടെ പൗരാണികസംജ്ഞ. പാദോപധാനം = കാല്ക്കൽ വെയ്ക്കുന്ന ഉപധാനം (തലയണ). പള്ളികൊള്ളുക = കിടക്കുന്നതിന്റെ ആചാരഭാഷ. കുമാരി — കന്യാകുമാരിയിലെ ഭഗവതി. ഗോകർണ്ണേശൻ = ഗോകർണ്ണ

കുറിപ്പ്: ആദ്യപതിപ്പുകളിൽ ഒന്നാംഭാഗത്തിന് ടിപ്പണി ഉണ്ടായിരുന്നില്ല.